# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.146 06.03.2018 -ൽ മറുപടിക്ക്

### പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**

പ്രൊഫ.കെ.യു.അരുണൻ
ശ്രീ. ഐ.ബി.സതീഷ്
ശ്രീ. ഒ.ആർ.കേളു
ശ്രീ. സി.കൃഷ്ണൻ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | (എ) & (ബി) | ഉണ്ട്. സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും നിർമ്മിതികളുടെയും സംരക്ഷണവും പഠനവുമാണ് പുരാവസ്തു വകുപ്പിന്റെ മുഖ്യ ചുമതലകൾ. പൊതു ജനങ്ങൾക്ക് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് മനസ്സിലാക്കാനും ബന്ധപ്പെട്ട ദൃശ്യങ്ങൾ കാണാനുമായി പുരാവശിഷ്ടങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള മ്യൂസിയങ്ങളും പുരാവസ്തു വകുപ്പ് തയ്യാറാക്കി പരിപാലിച്ചു വരുന്നു. നിലവിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം, നിലവിലുള്ള മ്യൂസിയങ്ങളുടെ സംരക്ഷണവും നവീകരണവും, ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം സ്ട്രക്ച്ചറൽ കൺസർവേഷൻ, ഡോക്യുമെന്റേഷൻ തുടങ്ങിയ പ്രവർത്തനങ്ങളാണ് പുരാവസ്തു വകുപ്പ് പ്രധാനമായും ഏറ്റെടുത്ത് നടത്തി വരുന്നത്. പത്മനാഭപുരം കൊട്ടാരം, വയനാട് എടയ്ക്കൽ ഗുഹ എന്നിവ യുനെസ്കോയുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ച് വരുന്നു. ഇതിൽ പത്മനാഭപുരം കൊട്ടാരം യുനെസ്കോയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. സാംസ്കാരികപാരമ്പര്യം വിളിച്ചോതുന്ന പുരാവസ്തുക്കളുടേയും പൈതൃക |
| (ബി) | സംസ്ഥാനത്തിന്റെ സാംസ്കാരിക പാരമ്പര്യം വിളിച്ചോതുന്ന പുരാവസ്തുക്കളുടേയും പൈതൃക ശേഷിപ്പുകളുടേയും സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ശേഷിപ്പുകളുടേയും സംരക്ഷണത്തിനും ആയവ ജനങ്ങളിൽ ദൃശ്യവൽക്കരിക്കുന്നതിനും, അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയും എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സാംസ്കാരിക അടയാളങ്ങളും പൈതൃക സ്മാരകങ്ങളും വേണ്ടത്ര ശ്രദ്ധ ലഭിക്കാതെ നാശോൻമുഖമായിക്കൊണ്ടിരിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുരാവസ്തു സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്മാരകങ്ങളും ചരിത്ര ശേഷിപ്പുകളും ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയവ സംരക്ഷിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | നശിച്ചു കഴിഞ്ഞാൽ പുന:സൃഷ്ടിക്കാൻ കഴിയാത്ത ഇത്തരം സ്മാരകങ്ങളെ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും സമയ ബന്ധിതമായി നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും നിർമ്മിതികളുടെയും സംരക്ഷണവും പഠനവുമാണ് പുരാവസ്തു വകുപ്പിന്റെ മുഖ്യചുമതലകൾ. പൊതു ജനങ്ങൾക്ക് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് മനസ്സിലാക്കുവാനും ബന്ധപ്പെട്ട ദൃശ്യങ്ങൾ കാണാനുമായി പുരാവശിഷ്ടങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള മ്യൂസിയങ്ങളും പുരാവസ്തു വകുപ്പ് തയ്യാറാക്കി പരിപാലിച്ചു വരുന്നു. പുരാവസ്തു വകുപ്പിനു കീഴിലെ പ്രധാന വിഭാഗങ്ങൾ ചുവടെ പറയുന്നു.

1. പുരാവസ്തു പര്യവേഷണ ഉദ്ഘനന വിഭാഗം
2. രാസ സംരക്ഷണ വിഭാഗം
3. നിർമ്മിതി സംരക്ഷണ വിഭാഗം
4. പുരാലിഖിത പഠന വിഭാഗം
5. നാണയ പഠന കേന്ദ്രം
6. ജനകീയ വിജ്ഞാന നാടൻ കലാ വിഭാഗം
7. പ്രസിദ്ധീകരണ വിഭാഗം
8. ചുമർ ചിത്ര പ്രാമാണീകരണ വിഭാഗം
9. ക്ലാസ്സിക്കൽ കലാവിഭാഗം
10. ബോധവൽക്കരണ വിഭാഗം

പുരാവസ്തു വകുപ്പിന്റെ അധീനതയിൽ 177 സംരക്ഷിത സ്മാരകങ്ങളാണ് നിലവിലുള്ളത്. ഇതിൽ തമിഴ്നാട്ടിലെ തക്കല പത്മനാഭപുരം കൊട്ടാരത്തെ യുനെസ്കോയുടെ പ്രാഥമിക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വകുപ്പിന്റെ ശേഖരത്തിലുള്ള നാണയങ്ങളുടെ ശാസ്ത്രീയമായ പഠനത്തിനും സമഗ്രമായ ഡോക്യുമെന്റേഷനും വേണ്ട പ്രവർത്തികൾക്ക് തുടക്കം കുറിച്ചു. വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങൾ ഭിന്ന ശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കേരളത്തിനകത്തും പുറത്തും പുരാവസ്തു പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ പൈതൃകാവബോധം വളർത്തുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ചു വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നെടുമങ്ങാട് കോയിക്കൽ പാലസ്, തൃപ്പൂണിത്തുറ പുരാവസ്തു മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നിവിടങ്ങളിൽ അനുവദിച്ചിട്ടുള്ള കേന്ദ്ര ഫണ്ടിന്റെയും സംസ്ഥാന വിഹിതത്തിന്റെയും 80% ചെലവഴിച്ചിട്ടുണ്ട്. ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചു വരുന്നു.